**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (എ.എ)വകുപ്പ്**

നം.31680/എ.എ.3/2011/തസ്വഭവ തിരുവനന്തപുരം, തീയതി:24.06.2011

## സർക്കുലർ

വിഷയം:– തദ്ദേശ സ്വയം ഭരണ വകുപ്പ് – വാർഷിക പദ്ധതിക്ക് തനത് വരുമാനത്തിലെ മിച്ചം തുക ലഭ്യമാക്കൽ – മാർഗനിർദ്ദേശങ്ങൾ– സംബന്ധിച്ച്.

സൂചന:– സർക്കുലർ നമ്പർ 36365/എ.എ.3/2010/തസ്വഭവ; തീയതി 11.04.2011

ചില തദ്ദേശഭരണ സ്ഥാപനങ്ങൾ തനത് വരുമാനത്തിലെ മിച്ചം തുക തെറ്റായി കണക്കാക്കി ഇല്ലാത്ത ഫണ്ടിന് പ്രോജക്ടുകൾ ഏറ്റെടുക്കുകയും അതിലൂടെ തുടർന്നുള്ള വർഷങ്ങളിൽ സാമ്പത്തിക ബാധ്യത വരുത്തിവെയ്ക്കുകയും ചെയ്യുന്നുണ്ടെന്ന് വിവിധ ഓഡിറ്റുകളിൽ കണ്ടെത്തുകയുണ്ടായി. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും തനത് വരുമാനത്തിലെ മിച്ചം തുക വാർഷിക പദ്ധതിക്ക് ലഭ്യമാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ സൂചനയിലെ സർക്കുലർ പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത മാർഗനിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ ചില ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. സൂചന സർക്കുലറിന്റെ ഖണ്ഡിക 4.1, 4.2 എന്നിവയിലെ മാർഗനിർദ്ദേശങ്ങൾ ചുവടെ വിവരിക്കുന്നത് പ്രകാരം പരിഷ്ക്കരിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(2) മുൻ വർഷത്തെ തനത് വരുമാനത്തിലെ യഥാർത്ഥ മിച്ചം തുകയുടെ 110 ശതമാനം വരെ തൻവർഷ പദ്ധതിയിൽ വകയിരുത്തുന്നതിന്, സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ട് ആവശ്യമില്ല. സെക്രട്ടറിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 110 ശതമാനം വരെ ഇപ്രകാരം വകയിരുത്താവുന്നതാണ്. മുൻവർഷത്തെ തനത് വരുമാനത്തെ സംബന്ധിക്കുന്ന കണക്കുകൾ ഈ സർക്കുലറിന്റെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറം I–ൽ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വാർഷിക പദ്ധതി സംബന്ധമായ രേഖകളോടൊപ്പം നൽകണം. കണക്കുകളുടെ ഉത്തരവാദിത്വം സെക്രട്ടറിക്കായിരിക്കും. തനത് വരുമാനം സംബന്ധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ കണക്കുകളുടെ കൃത്യത വാർഷിക പദ്ധതിക്ക് അംഗീകാരം നേടിയതിനുശേഷം നടക്കുന്ന ആദ്യ പെർഫോർമൻസ് ഓഡിറ്റിൽ പരിശോധിക്കേണ്ടതാണ്.

(3) മുൻവർഷത്തെ തനത് വരുമാനത്തിലെ മിച്ചം തുകയുടെ 110 ശതമാനത്തിൽ കൂടുതൽ തുക തൻവർഷം ലഭ്യമാക്കാൻ കഴിയുമെന്ന് ബോധ്യമുണ്ടെങ്കിൽ പരിശോധനാ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപ്രകാരം വകയിരുത്താവുന്നതാണ്. പരിശോധനാ ചുമതല നൽകിയിട്ടുള്ള ഉദ്യോഗസ്ഥന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തദ്ദേശഭരണ സ്ഥാപനം | പരിശോധനാ ചുമതലയുള്ള ഉദ്യോഗസ്ഥൻ |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തുകൾ | പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ (പെർഫോർമൻസ് ഓഡിറ്റ് ) |
| 2 | ബ്ലോക്ക് പഞ്ചായത്തുകൾ | അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പെർഫോർമൻസ് ഓഡിറ്റ്) |
| 3 | മുനിസിപ്പാലിറ്റികൾ | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ |
| 4 | ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും | റീജിയണൽ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ |

(4) മുൻ വാർഷിക പദ്ധതികളിൽ ഏറ്റെടുത്ത തനത്ഫണ്ട് പ്രോജക്ടുകളുടെ അവശേഷിക്കുന്ന ബാധ്യത 2011–12 വാർഷിക പദ്ധതിക്ക് യഥാർത്ഥത്തിൽ ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടിനെക്കാൾ കൂടുതലായ തദ്ദേശഭരണ സ്ഥാപനങ്ങൾ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

(i) നിർവഹണം ആരംഭിക്കാത്ത പ്രോജക്ടുകൾ ഒഴിവാക്കണം.

(ii) നിർവഹണം ആരംഭിച്ച പ്രോജക്ടുകൾ പാഴ്ചെലവ് വരാത്ത രീതിയിൽ നിർത്തിവെയ്ക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

(iii) ഒഴിവാക്കാൻ കഴിയാത്തതും തുടർന്ന് നടപ്പാക്കേണ്ടതുമായ പ്രോജക്ടുകൾക്ക്, ലഭ്യമായ തനത് ഫണ്ട് ആദ്യം വകയിരുത്തണം. നടപ്പ്വർഷം ലഭിക്കാവുന്ന തനത്ഫണ്ട് ഇതിന് തികയുകയില്ലെങ്കിൽ, മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായി വികസന, മെയിന്റനൻസ് ഫണ്ടുകൾ വകയിരുത്തേണ്ടതാണ്.

(5) സൂചനയിലെ സർക്കുലറിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ള ഫോറം I ഈ സർക്കുലറിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ളത് പ്രകാരം പരിഷ്ക്കരിക്കുന്നു.

(6) സൂചനയിലെ സർക്കുലർ മേൽപറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

**എസ്.എം.വിജയാനന്ദ്**
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Bhavaseedharan Pillai

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
9 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
10 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
11 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
12 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
13 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
14 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
15 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
16 എല്ലാ ടി.എ.ജി. ചെയർമാൻമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
17 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
18 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
19 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
20 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
21 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
22 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
23 എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും (പെർഫോർമൻസ് ഓഡിറ്റ്)
24 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർമാർക്കും (പെർഫോർമൻസ് ഓഡിറ്റ്)
25 എല്ലാ റീജിയണൽ പെർഫോർമൻസ് ഓഡിറ്റ് ഓഫീസമാർക്കും
26 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
27 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
28 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ

29 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
31 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
32 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
33 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ (പഞ്ചായത്ത്) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ (ഗ്രാമവികസന) വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശസ്വയംഭരണ (നഗരവികസന)വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ്
5. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
6. തദ്ദേശസ്വയംഭരണ ഡി.എ/ ഡി.ബി/ഡി.സി/ഡി.ഡി സെക്ഷനുകൾക്ക്

(24–06–2011–ലെ 31680/എ.എ.3/2010/തസ്വഭവ നമ്പർ സർക്കുലറിന്റെ അനുബന്ധം)

**ഫോറം I**

## മുൻവർഷത്തെ തനത് ഫണ്ട് മിച്ചം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

തദ്ദേശഭരണ സ്ഥാപനം: ........................................................ ബ്ലോക്ക്: ............................................

ജില്ല: ................................................................................................ വർഷം: .........................................................

| | | | |
|---|---|---|---|
| 1 | തനത് വരുമാനത്തിലെ മുൻവർഷത്തെ പ്രാരംഭ ബാക്കി | : | .......................... രൂപ |
| 2 | മുൻവർഷം യഥാർത്ഥത്തിൽ ലഭിച്ച തനത് വരുമാനം | | |
| | (i) നികുതി വരുമാനം | : | .......................... രൂപ |
| | (ii) നികുതിയേതര വരുമാനം | : | .......................... രൂപ |
| | (iii) ആകെ | : | .......................... രൂപ |
| 3 | സംസ്ഥാന ബജറ്റിലൂടെ മുൻവർഷം ലഭിച്ച ജനറൽ പർപ്പസ് ഫണ്ട് | : | .......................... രൂപ |
| 4 | മുൻവർഷം ലഭ്യമായ ആകെ വരുമാനം (1+2+3) | : | .......................... രൂപ |
| 5 | മുൻവർഷം ഭരണ–സേവന ചെലവുകൾക്ക് വിനിയോഗിച്ച തുക | : | .......................... രൂപ |
| 6 | മുൻ വർഷത്തെ തനത് ഫണ്ട് മിച്ചം; അതായത് വാർഷിക പദ്ധതിക്ക് ലഭ്യമാക്കാൻ കഴിയുമായിരുന്ന തുക (4–5) | : | .......................... രൂപ |
| 7 | മുൻ വർഷത്തെ തനത് ഫണ്ട് മിച്ചത്തിന്റെ 110% (ഇനം 6–ലെ സംഖ്യയുടെ 110 %) | : | .......................... രൂപ |
| 8 | തൻവർഷ പദ്ധതിയിൽ തനത്ഫണ്ട് ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക | : | .......................... രൂപ |
| 9 | മുൻവർഷത്തെ തനത് ഫണ്ട് മിച്ചത്തിന്റെ 110 ശതമാനത്തിൽ കൂടുതൽ തുക തൻവർഷ പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ടോ (അതായത് ഇനം 7–ലെ സംഖ്യയെക്കാൾ കൂടുതൽ തുക വികയിരുത്തിയിട്ടുണ്ടോ)? | : | ഉണ്ട്/ഇല്ല |
| 10 | ഉണ്ടെങ്കിൽ അതിനുള്ള വിശദീകരണം | : | |

..................................................................................................................................................................

..................................................................................................................................................................

സ്ഥലം: ............................................ ഒപ്പ് (സെക്രട്ടറി): ....................................

തീയതി: ........................................... (ഓഫീസ് മുദ്ര) പേര്: ..........................................................

കുറിപ്പ്: മുൻവർഷത്തെ തനത് വരുമാനത്തെ സംബന്ധിക്കുന്ന കണക്കുകൾ ഈ ഫോറത്തിൽ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ടി.എ.ജി. മുഖേന ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതാണ്